## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4832 5/2/2014 ൽ മറുപടിയ്ക്ക്

# നെടുമുടി കല്ലമ്പിള്ളി പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാട് താലൂക്കിൽപ്പെട്ട നെടുമുടി പഞ്ചായത്തിലെ കല്ലമ്പിള്ളി പാടശേഖരത്തിന്റെ പുറംബണ്ട് ന ിർമ്മാണം ഏതു ഘട്ടം വരെയായി ; | (എ) | കല്ലമ്പിള്ളി പാടശേഖരത്തിന്റെ കോൺക്രീറ്റ് ഒഴികെയുള്ള കൽക്കെട്ട് വടക്കേ ബണ്ടിൽ 5 മീറ്റർ ഒഴികെയുള്ള ഭാഗം മുഴുവൻ പൂർത്തിയാക്കിയിട്ടുണ്ട്. മെറ്റീരിയൽസ് എത്തിക്കാനുള്ള സൗകര്യത്തിനായി ഒഴിച്ചിട്ടിരിക്കുന്ന ഈ ഭാഗം ഉടൻ പൂർത്തീകരിക്കുന്നതാണ് പുറം ബണ്ടിന്റെ തെക്കുഭാഗം 550 മീറ്റർ പിള്ള ബണ്ട് പിടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബണ്ടിന്റെ നിലവിലുള്ളനിർമ്മാണ പ്രവൃത്തികൾ ഏതു ഭാഗം മുതൽ ഏതുഭാഗം വരെ നിർമ്മിക്കാനാണ് നിശ്ചയിച്ചിരുന്നതെന്നും നിർമ്മാണ പ്രവൃത്തികൾ എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത ബണ്ട് മുഴുവനും (പാടശേഖരത്തിനു ചുറ്റും) ക്ലേ ഇട്ട ശേഷം ഗ്രാവൽ മുകളിൽ ഇടാനായിരുന്നു എസ്റ്റിമേറ്റ് പ്രകാരം നിശ്ചയിച്ചിരുന്നത്. എന്നാൽ തെക്ക് ഭാഗത്ത്, പിള്ള ബണ്ട് പിടിച്ച് ബാക്കി ഭാഗം ഗ്രാവൽ ഇടാനും വടക്ക് , കിഴക്ക്, പടിഞ്ഞാറ് ബണ്ടുകളിൽ ക്ലേ ഇട്ട് മുകളിൽ 15 സെന്റീമീറ്റർ ഗ്രാവൽ ഇടാനും പാടശേഖരസമിതി കൂടി തീരുമാനിച്ചിരുന്നു. എന്നാൽ നിലവിൽ പുറം ബണ്ടിലെല്ലാം യാത്രാസൗകര്യമുള്ള ഗ്രാവൽ റോഡായതിനാൽ ക്ലേ ഇട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് നാട്ടുകാർ സമ്മതിക്കുന്നില്ല. അതുകൊണ്ട് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും തെക്കേ ബണ്ടിന്റെ 500 മീറ്റർ ക്ലേ ഇട്ട് പിള്ള ബണ്ട് പിടിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റരീതിയിലാണോ നടക്കുന്നത്; ആയത് നിരീക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | പുറം ബണ്ട് നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റ രീതിയിലാണ് നടക്കാറുള്ളത്. നിർമ്മാണ പ്രവൃത്തികളിൽ പാടശേഖര സമിതിയുടെ അഭിപ്രായങ്ങൾ കൂടി പരിഹരിക്കാറുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ നിർമ്മാണപ്രവൃത്തികൾ നിരീക്ഷിക്കാറുണ്ട്. കേന്ദ്രവാട്ടർ കമ്മീഷൻ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടി എന്നിവയുടെ മോണിറ്ററിംഗ് കമ്മിറ്റിയും ചീഫ് ടെക്നിക്കൽ എക്സാമിനറും നിർമ്മാണ പ്രവൃത്തികൾ നിരീക്ഷിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ